"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ആലുവ നഗരസഭയിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ സ്ലബിൻ റ്റി.എസ് സമർപ്പിച്ചിരിക്കുന്ന 15 കഥ,കവിത സാഹിത്യരചനകൾക്ക് പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1655/2023/LSGD തീയതി,തിരുവനന്തപുരം, 14-08-2023

---

പരാമർശം:-

1. ശ്രീ സ്ലബിൻ റ്റി.എസ് സമർപ്പിച്ചിരിക്കുന്ന 08.03.2023 ലെ അപേക്ഷ
2. ആലുവ നഗരസഭ സെക്രട്ടറിയുടെ 7-6-2023ലെ ജി1-3464/23 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 4-7-2023ലെ LSGD/PD/35640/2023-DEF2 നമ്പർ കത്ത്.

**ഉത്തരവ്**

ആലുവ നഗരസഭയിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ സ്ലബിൻ റ്റി.എസ് സമർപ്പിച്ചിരിക്കുന്ന 15 കഥ, കവിത സാഹിത്യരചനകൾക്ക് പ്രസിദ്ധീകരണാനുമതി ലഭ്യമാക്കണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസോ, ചട്ടം 62, ചട്ടം 63 എന്നീ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ, എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലായെന്നും സ്വകാര്യ പ്രസാധകർ മുഖേന കച്ചവടാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനോ, രചനകൾ സ്ഥിരമായി നിർവ്വഹിക്കുന്നതിനോ പാടില്ല എന്നുമുള്ള വ്യവസ്ഥയിൽ, ആലുവ നഗരസഭയിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ സ്ലബിൻ റ്റി.എസ് ന് 15 കഥ,കവിത സാഹിത്യരചനകൾക്ക് പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

സെക്രട്ടറി, ആലുവ നഗരസഭ,എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ സ്റ്റബിൻ റ്റി.എസ് ,ഓഫീസ് അറ്റൻഡൻറ്,ആലുവ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 16-08-2023 10:06:45

സെക്ഷൻ ഓഫീസർ